# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3407 — 12.12.2014-ൽ മറുപടിക്ക്

**തിരുവനന്തപുരം രാജാജി നഗറിൽ ഫ്ളാറ്റും വാണിജ്യ സമുച്ചയവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ കെ നാരായണൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | തിരുവനന്തപുരം രാജാജിനഗറിൽ ഫ്ളാറ്റും വാണിജ്യസമുച്ചയവും നിർമ്മിക്കുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | തിരുവനന്തപുരം രാജാജിനഗറിൽ ഫ്ളാറ്റും വാണിജ്യസമുച്ചയവും നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഉണ്ടെങ്കിൽ, ഇതിന്റെ നിർമ്മാണച്ചുമതല ആർക്കായിരിക്കുമെന്നും, നിർമ്മിക്കുന്നതിനുള്ള ചെലവ് എങ്ങനെ കണ്ടെത്തുമെന്നും വിശദമാക്കാമോ; | (ബി) | വാണിജ്യസമുച്ചയത്തിന്റെ നിർമ്മാണച്ചുമതല കെ.യു.ആർ.ഡി.എഫ്.സി-ക്കും, കെ.യു.ആർ.ഡി.എഫ്.സി-യുടെ സാമ്പത്തിക സഹായത്തോടെ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള ചുമതല അർബൻ ഹൗസിംഗ് മിഷനെയും ഏൽപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br>ഫ്ളാറ്റ് നിർമ്മിക്കുന്നതിന് വേണ്ടി വരുന്ന സ്ഥലത്തിന്റെ ബാക്കി വരുന്ന സ്ഥലത്ത് വാണിജ്യസമുച്ചയം നിർമ്മിച്ച് അതിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ഫ്ളാറ്റിന്റെ നിർമ്മാണത്തിനു ചെലവാകുന്ന തുക തിരികെ അടക്കുവാനും ലക്ഷ്യമിടുന്നു. |
| സി) | ഇതിന്റെ നിർമ്മാണപൂർത്തീകരണം എന്നത്തേയ്ക്കാണു ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ? | സി) | നിർമ്മാണപ്രവർത്തനം ആരംഭിച്ച് 2 വർഷത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ